ഉത്തരം

(എ) 2004-05-ലെ അവസാനഘട്ടം തുക പൂർണ്ണമായി കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) 2005-06 വർഷം പ്രസ്തുത തുക അനുവദിച്ചു നൽകി വരുന്നുണ്ട്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം

82. [1426] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്ക് എന്ന് വ്യക്തമാക്കാമോ;

(സി) ആകെ എത്ര വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകുന്നത്; ഇതിന്റെ തരം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ഡി) ഇപ്പോൾ ഈ ഇനത്തിൽ കുടിശ്ശികത്തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ വിദ്യാഭ്യാസ വർഷം എത്ര രൂപ ആകെ ധനസഹായം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം പ്രവേശനം നൽകുന്ന സ്ഥാപനങ്ങൾ, കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരാത്ത യൂണിവേഴ്സിറ്റികൾ, യൂണിവേഴ്സിറ്റികളുടേയോ സർക്കാരിന്റെയോ എൻ. ഒ. സി./എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ തുടങ്ങി പ്രവേശനം നൽകുന്ന സ്ഥാപനങ്ങൾ, നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾ, സി-ഡിറ്റ്, കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ, നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്തുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടിയിട്ടുള്ള പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

(സി) 3,462 പട്ടികജാതി വിദ്യാർത്ഥികൾക്കും 248 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ധനസഹായം നൽകുന്നുണ്ട്. തരം തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2004-05 വർഷം സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആകെ 6208.48 ലക്ഷം രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആകെ 71,57,895 രൂപയും വിദ്യാഭ്യാസാനുകൂല്യമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

83 [1427] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 വിദ്യാഭ്യാസ വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്; ഏതെല്ലാം സാമ്പത്തിക ആനുകൂല്യങ്ങളാണ് പ്രസ്തുത വിദ്യാർത്ഥികൾക്ക് നൽകാനുള്ളത്;

(സി) ട്രഷറി നിയന്ത്രണം കാരണം എന്തെങ്കിലും ആനുകൂല്യം വിദ്യാർത്ഥികൾക്ക് നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്;

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെഡിക്കലിനും എഞ്ചിനീയറിംഗിനും പഠിക്കുന്ന ഈ വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകാൻ കുടിശ്ശികയായിട്ടുള്ളത്?

ഉത്തരം

(എ) സ്വാശ്രയകോളേജുകളിലെ വിദ്യാർത്ഥികളുടെ ഫീസും സാങ്കേതിക കാരണങ്ങളാൽ ചില അപേക്ഷകളിലും യഥാസമയം നൽകാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) അലോട്ട്മെന്റിനും പ്രതിമാസ സീലിംഗിനും വിധേയമായിട്ടാണ് തുക ട്രഷറിയിൽ നിന്നും മാറാൻ കഴിഞ്ഞിരുന്നത്. 2004-05 ലേക്ക് ആദ്യഘട്ടം അനുവദിച്ചു നൽകിയ തുക 2004 ഡിസംബർ മാസം ചെലവ് ചെയ്യുകയുണ്ടായി. ഫീസ്, സ്റ്റൈപ്പൻറ്/മെസ് ചാർജ്ജ് എന്നിവയാണ് വിദ്യാർത്ഥികൾക്ക് നൽകാനുണ്ടായിരുന്നത്.

(സി) ഉണ്ട്. പ്രധാനമായും ഫീസും, മുൻകൂർ തുക കഴിച്ചുള്ള സ്റ്റൈപ്പൻറ്/മെസ് ചാർജ്ജ് എന്നിവയുമാണ് നൽകാൻ കഴിയാതെ വന്നത്. ട്രഷറി നിയന്ത്രണം ഇപ്പോൾ പിൻവലിച്ചിട്ടുള്ളതിനാൽ ബാക്കി തുക നൽകിവരുന്നു.

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉയർന്ന നിരക്കിലുള്ള ഫീസും മുൻകൂർ തുക കഴിച്ചുള്ള സ്റ്റൈപ്പൻറ്, താമസം, ഭക്ഷണ ചെലവ് തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly